**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6221** **10-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ പള്ളിക്കര-11 വില്ലേജിൽ ആർ.എസ്.നം.170/06-ൽ പി.ഡബ്ല്യൂ.ഡി.യുടെ കൈവശമുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന നാല് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക്പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടർ പി.ഡബ്ല്യൂ.ഡി.യുടെ എൻ.ഒ.സി.ക്കായി സമർപ്പിച്ച പ്രൊപ്പോസൽ (പി.ഡബ്ല്യൂ.ഡി-പി.എസ്.2/356/17/പി.ഡബ്ല്യൂ.ഡി.) നിരസിച്ചത് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ പള്ളിക്കര - II വില്ലേജിൽ ആർ.എസ്.നം.170/06-ൽ റോഡ് പുറമ്പോക്ക് പതിച്ചു നൽകണമെന്ന ആവശ്യം പുന:പരിശോധിച്ചിരുന്നു. പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ചുനൽകുന്നത് റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്ത് വക സ്ഥലങ്ങൾ പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചുകൊണ്ട് 30.09.2009-ലെ 20541/സി3/2009/പൊ.മ.വ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ പുറമ്പോക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല. |
| (ബി) | റോഡ് അതിർത്തിയിൽ നിന്ന് പത്ത് മീറ്റർ അകലത്തിലായി സ്ഥിതിചെയ്യുന്നതും റോഡുവികസനത്തിന് ആവശ്യമില്ലാത്തതുമായ പ്രസ്തുത ഭൂമിയിൽ വീടുകെട്ടി വർഷങ്ങളായി താമസിച്ചുവരുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിലേക്കായി എൻ.ഒ.സി. നൽകുന്ന വിഷയം പുന:പരിശോധനക്ക് വിധേയമാക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ പള്ളിക്കര - II വില്ലേജിൽ ആർ.എസ്.നം.170/06-ൽ റോഡ് പുറമ്പോക്ക് പതിച്ചു നൽകണമെന്ന ആവശ്യം പുന:പരിശോധിച്ചിരുന്നു. പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ചുനൽകുന്നത് റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്ത് വക സ്ഥലങ്ങൾ പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചുകൊണ്ട് 30.09.2009-ലെ 20541/സി3/2009/പൊ.മ.വ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ പുറമ്പോക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച ആവശ്യം പരിഗണിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ